**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3168** **07-11-2019 ൽ മറുപടിക്ക്**

## പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ. പി.ടി. തോമസ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പാട്ട ഭൂമിയിൽ നിന്നും ലഭിക്കേണ്ട പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് പാട്ട ഭൂമിയിൽ നിന്നും ലഭിക്കേണ്ട പാട്ടകുടിശ്ശിക അവലോകനം ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനുമായി റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതിയുടെ നിർദ്ദേശ പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ലീസ് മിഷൻ ആരംഭിക്കുകയും, പ്രസ്തുത സെൽ പ്രാരംഭ ഘട്ടത്തിൽ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും പാട്ടം നൽകിയിട്ടുള്ള മുഴുവൻ കേസുകളുടേയും പട്ടിക 14 ജില്ലാ കളക്ടർമാർ മുഖാന്തിരം ശേഖരിക്കുകയും പ്രസ്തുത കേസുകൾ എല്ലാം തന്നെ വിശദമായി പരിശോധിച്ച് മുഴുവൻ പാട്ടകക്ഷികളെയും നിയമാനുസൃത നോട്ടീസ് നൽകി സമയബന്ധിതമായി നേരിൽകേട്ട് പാട്ടകുടിശ്ശിക ഈടാക്കുന്നതിനും പാട്ടം പുതുക്കുന്നതിനും ആയതിന് വിസമ്മതിക്കുന്ന കക്ഷികളിൽ നിന്നും ഭൂമി തിരിച്ചുപിടിച്ച് സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും പാട്ടക്കുടിശ്ശിക റവന്യൂ റിക്കവറി നടപടികളിലൂടെ പിരിച്ചെടുക്കുന്നതിനുമുള്ള നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും ലാൻഡ് റവന്യൂ കമ്മീഷണർ നേരിലും രേഖാമൂലവും നൽകിയിട്ടുള്ളതാണ്. ഇപ്രകാരം രൂപീകരിക്കപ്പെട്ട സമിതി വിവിധ യോഗങ്ങൾ ചേർന്ന് പാട്ടക്കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിച്ചു വരികയുമാണ്.<br>കൂടാതെ പാട്ടകുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2019-20 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ബഹു. ധനകാര്യ മന്ത്രി പ്രഖ്യാപിച്ചിട്ടുള്ളതും ആയത് സർക്കാരിന്റെ സജീവ പരിഗണനയിൽ ഇരിക്കുന്ന വിഷയവുമാണ്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര രൂപ കടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ; | (ബി) 22,70,90,236/- രൂപ (ഇരുപത്തി രണ്ട് കോടി എഴുപത് ലക്ഷത്തി തൊണ്ണൂറായിരത്തി ഇരുനൂറ്റി മുപ്പത്തി ആറ് രൂപ മാത്രം) |

(സി) പാട്ടക്കുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്രയെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാട്ടകുടിശ്ശിക ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | പാട്ടകുടിശ്ശിക |
|---|---|
| തിരുവനന്തപുരം | 1562070704 |
| കൊല്ലം | 961122505 |
| പത്തനംതിട്ട | 49632196 |
| ആലപ്പുഴ | 1474880 |
| കോട്ടയം | 113900361 |
| ഇടുക്കി | 3595285 |
| എറണാകുളം | 5869504539 |
| തൃശ്ശൂർ | 2131853189 |
| പാലക്കാട് | 34231435 |
| മലപ്പുറം | 114952201 |
| കോഴിക്കോട് | 741007723 |
| വയനാട് | 0 |
| കണ്ണൂർ | 6263523 |
| കാസർഗോഡ് | 35809477 |
| **ആകെ** | **11638692018** |

സെക്ഷൻ ഓഫീസർ